# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 20,700 കോടി രൂപയുടെ എട്ട് മൾട്ടിട്രാക്കിങ്ങ് റെയിൽ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. റെയിൽ ഗതാഗതം കൂടുതൽ മികവുറ്റതാക്കാൻ ഈ പദ്ധതികളിലൂടെ സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The Union Cabinet approves eight multi-tracking railway projects worth ₹20,700 crore. Prime Minister Narendra Modi says the projects will help make rail transportation more efficient.**

2. ഇന്ത്യ - ശ്രീലങ്ക ബഹുമുഖ പങ്കാളിത്തത്തിന്റെ വിവിധ തലങ്ങൾ ശ്രീലങ്കൻ പ്രസിഡൻറുമായി ചർച്ച ചെയ്ത് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇരുനേതാക്കളും കൊളംബോയിൽ കൂടിക്കാഴ്ച നടത്തി.

   **Defence Minister Rajnath Singh discusses various dimensions of the India–Sri Lanka multi-faceted partnership with the Sri Lankan President. The two leaders meet in Colombo.**

3. ഒൻപതാമത് ദേശീയ പോഷക ആഹാര മാസാചരണത്തിൻറെ ഉദ്ഘാടനം കേന്ദ്രമന്ത്രി അന്നപൂർണാ ദേവി വാരാണസിയിൽ നിർവഹിച്ചു. പോഷൺ മാ 2026 ന് കേരളത്തിലും ഇന്ന് തുടക്കമായി.

**Union Minister Annapurna Devi inaugurates the ninth National Nutrition Month celebrations in Varanasi.**

**Poshan Maah 2026 also begins in Kerala today.**

4. **സംസ്ഥാനത്ത് വൈദ്യുതി മുടങ്ങുന്ന സമയം മുൻകൂട്ടി അറിയിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.**

   **Kerala Minister Sunny Joseph says steps will be taken to provide advance information about power outages in the state.**

5. **വേൾഡ് ആർച്ചറി പാരാ സീരീസിൽ ഇന്ന് രണ്ട് സ്വർണ്ണം സ്വന്തമാക്കി ഇന്ത്യ.**

   **India wins two gold medals in the World Archery Para Series today.**

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## CABINET- RAILWAY (INTRO)

20,700 കോടി രൂപയുടെ എട്ട് മൾട്ടിട്രാക്കിങ്ങ് റെയിൽ പദ്ധതികൾക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭ യോഗം. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലായി 10,021 കോടി രൂപയുടെ അഞ്ച് പദ്ധതികൾക്കാണ് മന്ത്രിസഭ അംഗീകാരം നൽകിയത്. പശ്ചിമബംഗാൾ, ഒഡീഷ തുടങ്ങി 5 സംസ്ഥാനങ്ങളിലെ മൂന്ന് മൾട്ടിട്രാക്കിങ്ങ് പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. റെയിൽ ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ മാർഗ്ഗമൊരുക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ്)

☸☸☸☸☸☸☸☸☸

## PM CABINET

മികച്ച റെയിൽവേ ഗതാഗത സൗകര്യവും, ചരക്കുനീക്കത്തിനുള്ള അധിക ശേഷിയും, സഞ്ചാര വേഗവും ഉറപ്പാക്കുന്നതാണ് ഇന്നത്തെ കേന്ദ്ര മന്ത്രിസഭാ തീരുമാനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

ഇന്ന് അനുമതി നൽകിയ അഞ്ച് റെയിൽവേ പദ്ധതികൾ ദക്ഷിണേന്ത്യയിലെ റെയിൽ ഗതാഗത സൗകര്യം കൂടുതൽ മികവുറ്റതാക്കാൻ സഹായിക്കുമെന്നും ലക്ഷക്കണക്കിന് ആളുകൾക്ക് പ്രയോജനപ്പെടുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

## RAJNATH-SRI LANKA (INTRO)

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെയുമായി കൊളംബോയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ - ശ്രീലങ്ക ബഹുമുഖ പങ്കാളിത്തത്തിന്റെ വിവിധ തലങ്ങൾ നേതാക്കൾക്കിടയിൽ ചർച്ചയായി. ശ്രീലങ്കൻ വ്യോമസേനയുടെ എൽ-70 തോക്കുകൾ നവീകരിക്കുന്നതിനും, NCC, നാഷണൽ ഡിഫൻസ് കോളേജുകൾ എന്നിവയിലെ സഹകരണത്തിനുമുള്ള ധാരണാപത്രങ്ങൾ കൂടിക്കാഴ്ചയിൽ കൈമാറി. ഇന്ത്യൻ പ്രതിരോധ സേന നിർമ്മിച്ച മൂന്ന് ബെയ്‌ലി പാലങ്ങളും ഇരു നേതാക്കളും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ സുരക്ഷാ താൽപര്യങ്ങൾക്ക് ഹാനികരമായ യാതൊരു പ്രവർത്തനങ്ങൾക്കും ശ്രീലങ്കൻ ഭൂപ്രദേശം ഉപയോഗിക്കാൻ ആരെയും അനുവദിക്കില്ലെന്ന് ശ്രീലങ്കൻ പ്രസിഡന്റ് വ്യക്തമാക്കി. സമുദ്രമേഖലയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം സുരക്ഷയ്ക്കും ഭദ്രതയ്ക്കും അത്യന്താപേക്ഷിതമാണെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

**( വോയിസ്....)**

## POSHAN MAH - UP

ഒൻപതാമത് ദേശീയ പോഷക ആഹാര മാസാചരണത്തിന് വാരാണസിയിൽ തുടക്കമായി. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു. "നമ്മുടെ അങ്കണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ വർഷത്തെ സന്ദേശം. പോഷകാഹാര വൈവിധ്യം, അങ്കണവാടികളിലെ ചൂടുള്ള ഭക്ഷണം, പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ 10 വർഷങ്ങൾ എന്നിവയ്ക്കാണ്

മാസാചരണത്തിൽ പ്രാധാന്യം നൽകുന്നത്. 'പോഷൻ മാ 2026' സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ കൊല്ലത്ത് നിർവഹിച്ചു. കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ പോഷക സുരക്ഷ ഉറപ്പാക്കുകയാണ് പോഷൺ മാസാചരണത്തിൻറെ ലക്ഷ്യം.

❁❁❁❁❁❁❁❁❁

## Seva Sankalp Abhiyan

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനത്തോടും, പൊതുസേവന രംഗത്ത് അദ്ദേഹം 25 വർഷം പൂർത്തിയാക്കുന്നതിനോടും ബന്ധപ്പെട്ട് ബിജെപി ഈ മാസം 17 മുതൽ ഒരു മാസം നീളുന്ന സേവ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കും. 2001 ലാണ് ശ്രീ മോദി ഗുജറാത്ത് മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്നത്. പൊതുസേവനത്തിൽ നിന്ന് ദേശീയ സേവനത്തിലേക്ക് എന്ന മന്ത്രത്തിലൂന്നിയാണ് അദ്ദേഹത്തിൻറെ പ്രവർത്തനങ്ങളെന്ന് ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ന്യൂഡൽഹിയിൽ വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁

## KERALA CABINET

സംസ്ഥാന ബജറ്റിൽ

പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കാൻ മന്ത്രിസഭ യോഗത്തിൽ തീരുമാനം. ഇതിനായി ഈ മാസം 16 മുതൽ 18 വരെ തിരുവനന്തപുരത്ത് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്താൻ തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരത്ത് വാർത്തസമ്മേളനത്തിൽ അറിയിച്ചു. സുപ്രീം കോടതി നിർദേശ പ്രകാരം ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 62 വയസായി ഉയർത്തിയതായും അദ്ദേഹം അറിയിച്ചു. സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം സംബന്ധിച്ച സമയക്രമം മുൻകൂട്ടി അറിയിക്കാൻ KSEB ക്ക് നിർദ്ദേശം നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. .

❁❁❁❁❁❁❁❁❁

## SUNNY JOSEPH

സംസ്ഥാനത്ത് വൈദ്യുതി മുടങ്ങുന്ന സമയം മുൻകൂട്ടി അറിയിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്. വൈദ്യുതി പ്രതിസന്ധി കുറയ്ക്കാൻ സോളാർ ബാറ്ററി സ്റ്റോറേജ് ഏർപ്പെടുത്തുന്നത് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രത്യേക സാഹചര്യം ആയതിനാൽ ജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക് വാഹനങ്ങൾ രാത്രിയിൽ ചാർജ് ചെയ്യുന്നത് വൈദ്യുതി ഉപഭോഗം കൂട്ടുമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ഇന്ന് രാത്രിയും വൈദ്യുതി നിയന്ത്രണം വേണ്ടി വന്നേക്കാമെന്ന് കെ.എസ്.ഇ.ബി അറിയിച്ചു.

❁❁❁❁❁❁❁❁❁

## PIB MEDIA – COCHIN SHIPYARD(INTRO)

പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന സംയുക്ത മാധ്യമ പര്യടനത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ മാധ്യമ സംഘം കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് സന്ദർശിച്ചു. മേഘാലയ, സിക്കിം എന്നിവിടങ്ങളിൽ നിന്നുള്ള മാധ്യമപ്രവർത്തകരാണ് സംസ്ഥാനത്തെത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ....**

**( വോയിസ്....)**

❁❁❁❁❁❁❁❁❁

## DELHI CM– ACTION

സത്യ നികേതനിൽ കെട്ടിടം തകർന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ, ഡൽഹിയിലെ വിവിധ ഭാഗങ്ങളിലുള്ള അനധികൃത നിർമ്മിതികൾക്കെതിരെ നടപടിയെടുക്കാൻ മുഖ്യമന്ത്രി രേഖ ഗുപ്ത മുനിസിപ്പൽ കോർപ്പറേഷന് നിർദേശം നൽകി. പേയിംഗ് ഗസ്റ്റ് താമസസൗകര്യങ്ങളിൽ പരിശോധന നടത്തി കെട്ടിടങ്ങളുടെ രേഖകൾ പരിശോധിക്കാനും ഉത്തരവിൽ പറയുന്നു.

❁❁❁❁❁❁❁❁❁

## WEATHER - KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. താപനില ഇന്ന് സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. വിവിധ ജില്ലകളിൽ നാളെ മുതൽ ശനിയാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

❁❁❁❁❁❁❁❁❁

## EVE WORLD PARA ARCHERY

അഹമ്മദാബാദിൽ നടന്ന വേൾഡ് ആർച്ചറി പാരാ സീരീസിന്റെ അവസാന ദിവസമായ ഇന്ന് ഇന്ത്യയ്ക്ക് രണ്ട് സ്വർണ്ണം. പാരാ കോമ്പൗണ്ട് വനിതാ വ്യക്തിഗത വിഭാഗത്തിൽ ശീതൾ ദേവിയും പാരാ റിക്കർവ് മിക്സഡ് ടീം ഇനത്തിൽ ഹർവിന്ദർ സിംഗ്- ഭാവന ടീമും സ്വർണം സ്വന്തമാക്കി. ഇന്ത്യൻ താരങ്ങൾക്ക് ഇന്ന് നാല് വെങ്കല മെഡലും ലഭിച്ചു.

❁❁❁❁❁❁❁❁❁

## GLOBAL OIL PRICES

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നതിനിടെ, ആഗോള വിപണിയിൽ എണ്ണവില ബാരലിന് 100 ഡോളർ കടന്നു. ബ്രെന്റ് ക്രൂഡ് വിലയിൽ 2.2 ശതമാനം വർധനയാണുള്ളത്.

❁❁❁❁❁❁❁❁❁

## IRAN-IRGC

പേർഷ്യൻ ഉൾക്കടലിൽ രണ്ട് യുഎസ് കപ്പലുകൾക്കും എട്ട് എണ്ണ ടാങ്കറുകൾക്കും നേരെ ആക്രമണം നടത്തിയതായി ഇറാൻ. അഞ്ച് ഇറാനിയൻ ടാങ്കറുകൾക്ക് നേരെ യുഎസ് നടത്തിയ ആക്രമണത്തിനുള്ള തിരിച്ചടിയാണിതെന്ന് ഇറാൻ സായുധസേനാ വിഭാഗമായ ഐആർജിസി വ്യക്തമാക്കി. ജോർദാനിലെ യുഎസ് എയർ ബേസ് ആക്രമിച്ചതായും ഐആർജിസി അവകാശപ്പെട്ടു.

❁❁❁❁❁❁❁❁❁

## NEPAL-DEATH

നേപ്പാളിൽ മിന്നൽ പ്രളയത്തിൽ കാണാതായ 5,326 പേർക്കായി തിരച്ചിൽ തുടരുന്നു. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 1,365 ആയി. തിരിച്ചറിയൽ നടപടികൾ പൂർത്തിയാക്കിയ 102

മൃതദേഹങ്ങളാണ് ബന്ധുക്കൾക്ക് കൈമാറിയത്. തിരിച്ചറിയാനാകാത്ത മൃതദേഹങ്ങളിൽ നിന്നും ഡിഎൻഎ സാമ്പിളുകൾ ശേഖരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

## MEA BRIEFING

ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ലോകനേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. ഈ മാസം 12,13 തീയതികളിലായി നടക്കുന്ന ഉച്ചകോടിയിൽ റഷ്യ-ഉക്രെയ്ൻ സംഘർഷം ഉൾപ്പടെയുള്ള നിരവധി വിഷയങ്ങൾ ചർച്ചാവിഷയമാകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഉച്ചകോടിയോടനുബന്ധിച്ച് പ്രധാനമന്ത്രിയും റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനും ഉഭയകക്ഷി ചർച്ചകൾ നടത്തും. മിന്നൽ പ്രളയമുണ്ടായ നേപ്പാളിന് ദുരിതാശ്വാസ - പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയുടെ പിന്തുണ തുടരുമെന്നും വിദേശകാര്യ വക്താവ് അറിയിച്ചു.

## DRI – NARCOTICS DRUG

കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ രാജ്യത്തുടനീളം നടത്തിയ പരിശോധനകളിൽ 740 കിലോഗ്രാം ലഹരിവസ്തുക്കൾ പിടിച്ചെടുത്തതായി ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് . കേസുമായി ബന്ധപ്പെട്ട് 13 പേരെ ഏജൻസി അറസ്റ്റ് ചെയ്തു. വാഹനങ്ങളിലെ പ്രത്യേക അറകളിൽ ഒളിപ്പിച്ചു കടത്തിയ 709 കിലോഗ്രാം കഞ്ചാവ്, 5 കിലോഗ്രാം ചരസ് എന്നിവയാണ് പിടിച്ചെടുത്തത്.

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 813 പോയിൻറ് നഷ്ടത്തിൽ 74,764ലും നിഫ്റ്റി 204 പോയിൻറ് നഷ്ടത്തിൽ 23,432ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 760 രൂപ കുറഞ്ഞ് 1 ലക്ഷത്തി 13,160 രൂപയും ഗ്രാമിന് 14,145 രൂപയുമാണ് ഇന്നത്തെ വില.